# സാമൂഹ്യ ആഘാത പഠന കരട് റിപ്പോർട്ട്

## പട്ടിക ജാതി വികസന വകുപ്പ്-തൂണേരി ഐ.റ്റി.ഐ ക്കുവേണ്ടി സ്ഥലമേറ്റെടുപ്പ്: തൂണേരി വില്ലേജ്, വടകര താലുക്ക്, കോഴിക്കോട് ജില്ല.



**സമർപ്പണം**
**ജില്ലാകളക്ടർ, കോഴിക്കോട്.**


**ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,**
**അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706**
**Phone: (0490) 2426014; 7012516402**
**dbascoffice@gmail.com**


**12 ആഗസ്റ്റ് 2022**

## സമർപ്പണം

സർക്കാർ ഉത്തരവ് G.O.(P) 2548/2022/RD തിരുവനന്തപുരം തിയതി 02.08.2022, ( Vol. XI ) അടിസ്ഥാനമാക്കി കോഴിക്കോട് ജില്ലാ ഭരണകൂടം File **No DCKKD/8926/2021-B1**, കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇരിട്ടി (കണ്ണൂർ) ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തി. പദ്ധതി ബാധിത വ്യക്തികളുടെയും ഭൂമികളുടെയും പട്ടിക തയ്യാറാക്കി സാമൂഹ്യ ആഘാതം മനസ്സിലാക്കി അത് കൈകാര്യം ചെയ്യുവാനുള്ള രൂപരേഖ തയ്യാറാക്കുകയുമാണ് ചെയ്യത്. ഡെപ്യൂട്ടികളക്ടർ (എൽ.എ.) കോഴിക്കോട്, ഭൂമി ഏറ്റെടുക്കൽ പ്രത്യേക ഓഫിസർ (സ്പെഷ്യൽ തഹസിൽദാർ , കോഴിക്കോട് , എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങളും അലൈൻമെൻറ് രൂപരേഖയും കൂടാതെ, തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ്ണ്ട് കൊടുവള്ളി, തൂണേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ ശ്രീ. രഞ്ജിത്ത് തുടങ്ങിയവരും നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിൻെറ പൊതു ചർച്ച 29 ഓഗസ്റ്റ് 2022 നു നടത്തും. ഇതിൻെറ ആധാരരേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ
സാമൂഹ്യ ആഘാത പഠന സംഘം
ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

# അദ്ധ്യായം 1
# പദ്ധതി സംഗ്രഹം


### 1.1 പദ്ധതിയും പൊതു താത്പര്യവും

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. കോഴിക്കോട് ജില്ലയിൽ എലത്തുരാണ് 1962ൽ പട്ടികജാതി വികസനവകുപ്പിൻെറ ആദ്യത്തെ ഐ.റ്റി.ഐ സ്ഥാപിതമായത്. പാർശ്വവൽക്കരിക്കപ്പെട്ടതും പിന്നോക്കം നിൽക്കുന്നതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി കേരളസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2011ലെ സെൻസെസ് അനുസരിച്ച് 97297 പുരുഷന്മാരും 101912 സ്ത്രീകളും ചേർന്ന് ആകെ 19,9191 പട്ടിക ജാതിക്കാരയ ജനങ്ങൾ കോഴിക്കോട് ജില്ലയിൽ വസിക്കുന്നു. നിലവിൽ 44 ഐ.റ്റി.ഐകൾ കേരളത്തിൽ 11 ട്രേഡുകളിൽ കോസ്ുകൾ നടത്തുന്നു. തൊഴിലധിഷ്ടിത വിദ്യാഭ്യാസവും നൈപുണ്യവികസനവും വഴി സാമൂഹീക-സസാമ്പത്തിക പുരോഗതി നേടുക എന്നതാണ് ലക്ഷ്യം. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്.

പദ്ധതി നടപ്പിലാക്കുവാൻ സ്ഥാപനത്തിനാവശ്യമായ ഭൂമിയിൽ 90 സെൻറ് നെഗോഷ്യബിൾ പർചേർസ് നിയമപ്രകാരം വാങ്ങിയതാണ്. പ്രസ്തുത ഭൂമിയോട് ചേർന്നുള്ള സർവെ നംബർ 104/2ൽ പെട്ട 36 സെൻറ് ഭൂമിയാണ് 2 വ്യക്തികളിൽനിന്നുമായി ഏറ്റെടുക്കുന്നത്.


### 1.2 പദ്ധതി പ്രദേശം

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ നദാപുരം-തലശ്ശേരി റൊഡിൽ തൂണേരി ടൗണിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കൽ ഏകദേശം 11.1586 ഹെക്ടർ ഭൂമിയാണു ഏറ്റെടുക്കാനുള്ളത്.




**1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും**

മൊത്തം ഏറ്റെടുക്കുന്ന ഭൂമി ഏകദേശം 36 (0.1456 ഹെക്ടറാണ്). കാർഷീക സമ്പത്ത് , കാർഷീക ഭൂമിയും, തെങ്ങ്, മുതലായവയും ഈ സ്ഥലത്തുണ്ട്.



**1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം**

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ നദാപുരം-തലശ്ശേരി റോഡിൽ തൂണേരി ടൗണിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതിക്കായി പദ്ധതി നടപ്പിലാക്കുവാൻ സ്ഥാപനത്തിനാവശ്യമായ ഭൂമിയിൽ 90 സെൻറ് നെഗോഷ്യബിൾ പർചേർസ് നിയമപ്രകാരം വാങ്ങിയതാണ്. പ്രസ്തുത ഭൂമിയോട് ചേർന്നുള്ള സർവെ നംബർ 104/2ൽ പെട്ട 36 സെൻറ് ഭൂമിയാണ് 2 വ്യക്തികളിൽനിന്നുമായി ഏറ്റെടുക്കുന്നത്. ബാധിതരും ഈ സ്ഥലമേറ്റെടുപ്പിനനുകൂലമാണ്. രൂക്ഷമായ ആഘാതം ഇല്ലാത്തതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം. സ്ഥലത്തെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായ പ്രകാരം ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

**1. 5 പദ്ധതി ബാധിക്കുന്ന / ആസ്തി വിവര പട്ടിക**

| പട്ടിക സംഖ്യ **1.1** ബാധിക്കുന്ന ഭൂമി / ആസ്തി വിവര പട്ടിക | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | സർവ്വേ നമ്പർ | ഭൂമി ഉടമസ്ഥർ | നിലം/ പുരയിടം | വിസ്തീർണ്ണം | ബാധകമാകുന്ന ആസ്തി |
| 1 | 104/2 | അന്ത്രുഹാജി (late) | പുരയിടം | 20 സെൻറ് | കൃഷിഭൂമി, തെങ്ങ്-14, പ്ലാവ്-2 ഈന്തപ്പന-1, വട്ട-2 |
| 2 | 104/2 | അന്ത്രുഹാജി അസ്ലം ഫാരിസ് & റിഹാൻ ഫർമാൻ | പുരയിടം | 16 1/4 സെൻറ് | കൃഷിഭൂമി തെങ്ങ്-14, പ്ലാവ്-2 |

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽപ്പെട്ട തൂണേരി വില്ലേജിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന ഭൂമി ഏറ്റെടുക്കലിൻെറ ആഘാതത്തിൻെറ പൂർണ്ണരൂപം പട്ടിക 1.5 അവതരിപ്പിക്കുന്നു. 2 കുടുംബങ്ങളുടെ 2 ഭൂമികളാണ് പദ്ധതി പ്രദേശത്ത് ഉള്ളത്.

## 1.6 കുടുംബങ്ങളുടെ വിശദാംശങ്ങൾ

| പട്ടിക **6.1** *കുടുംബാംഗങ്ങളുടെ സംഖ്യ* | | | | | |
|---|---|---|---|---|---|
| *ക്രമ സംഖ്യ* | *സർവ്വേ സംഖ്യ* | *ഭൂവുടമ* | *പുരുഷന്മാർ* | *സ്ത്രീകൾ* | മൊത്തം |
| 1 | 104/2 | അന്ത്രുഹാജി (late) | 2 | 2 | 4 |
| 2 | 104/2 | അന്ത്രുഹാജി അസ്ലം ഫാരിസ് & റിഹാൻ ഫർമാൻ | 2 | 3 | 5 |
| Total | | | 4 | 5 | 9 |

പട്ടിക 1.6 കുടുംബങ്ങളുടെ വിശദാശംങ്ങൾ അവതരിപ്പിക്കുന്നു. 2 കുടുംബങ്ങളിലെ 4 പുരുഷന്മാരും 5 സ്ത്രീകളുംകൂടി 9 അംഗങ്ങളെയാണ് പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്.

**1.6 സാമൂഹിക ആഘാതം**

നിലവിലുള്ള കൃഷിയിടം ചേർന്ന ഏകദേശം 0.1456 ഹെക്ടറാണ് (36 സെൻറ്) ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. തെങ്ങ്, പ്ലാവ്, മറ്റു മരങ്ങൾ തുടങ്ങിയവ ഈ പ്രദേശത്തുണ്ട്.

ഏറ്റെടുക്കുവാനുള്ളത് മുഴുവനും സ്വകാര്യ വസ്തുക്കൾ മാത്രമാണ്. ഒരു സർവേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യം. 3 കുടുംബങ്ങളുടെയും അവരുടെ ആശ്രിതരുടെയും ഭൂമിനഷ്ടമാണ് ഏറ്റെടുക്കലിന്റെ ഏറ്റവും മുഖ്യമായ ആഘാതം. 3 വസ്തുവകകൾ പൂർണ്ണമായി ബാധിക്കുന്നു. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 3 കുടുംബങ്ങളിൽ നിന്നായി 4 പുരുഷന്മാരും 5 സ്ത്രീകളുമുൾപ്പെടെ 9 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഇവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. മതിയായ പ്രതിഫലം നൽകുന്നതിലൂടെ ഏറ്റെടുക്കൽ നഷ്ടം പരമാവധി ഇല്ലാതാക്കാൻ സാധിക്കും.

### 1.6 ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

| പട്ടിക 1.1 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും | | | |
|---|---|---|---|
| *ക്രമ സംഖ്യ* | **സർവ്വേ നമ്പർ** | **സ്ഥിതി: പ്രത്യക്ഷം / പരോക്ഷം** | **ലഘൂകരണ നിർദ്ദേശങ്ങൾ** |
| 1 | ഭൂമി നഷ്ടം: കാർഷിക സമ്പത്തുകളുടെ നഷ്ടം | 2 ഭൂമി – പ്രത്യക്ഷം: തെങ്ങ്, മറ്റു മരങ്ങൾ | ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം |

### 1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ നദാപുരം-തലശ്ശേരി റൊഡിൽ തൂണേരി ടൗണിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### സാമ്പത്തിക വശങ്ങൾ

ഭൂമിയോ വിഭവങ്ങളോ ഉപജീവന മാർഗ്ഗങ്ങളോ നഷ്ടപ്പെടുന്ന 2 കടുംബങ്ങൾക്കും പരമാവതി നഷ്ടപരിഹാരം കാലതാമസമില്ലതെ ലഭ്യമാക്കണം.

#### പാരിസ്ഥിതികം

ഐ.ടി.ഐ. കെട്ടിട നിമ്മാണത്തിനു മണ്ണ് നീക്കം ചെയ്യുന്നത് ശ്രദ്ദയോടെ കൈകാര്യം ചെയ്യണം. പുതുതായി ഏറ്റെടുക്കുന്ന ഭൂമി ആഴത്തിൽ താഴ്ത്തി എടുത്താൽ തൊട്ടുമുകളിലുള്ള താമസക്കാക്കു അത്

ഭീഷണിയാകും. പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

| പട്ടിക 1.2 - ഗുണകരമായ ഫലങ്ങൾ | | | |
|---|---|---|---|
| അനന്തര ഫലങ്ങൾ | പ്രത്യക്ഷം / പരോക്ഷം | താത്കാലികം / ശാശ്വതം | പ്രധാനം / അപ്രധാനം |
| എസ്.സി.ഡി.ഡി യുടെ കീഴിൽ ഒരു പുതിയ ഐ.ടി.ഐ കൂടി സജ്ജമാകുന്നു. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |
| പിന്നോക്ക വിഭാഗം ജനങ്ങൾക്കു കൂടുതൽ തൊഴിലധിഷ്ടിത തൊഴിലധിഷ്ടിത പരിശീലന കൊഴ്സുകൾ ഉൽനട്ടുപ്രദേശത്തു പ്രാപ്യമാകുന്നു. | പ്രത്യക്ഷം | ശാശ്വതം | പ്രധാനം |

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ എത്രയും വേഗം ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി നഷ്ടപരിഹാരവും നൽകണമെന്ന അഭിപ്രായം ഉന്നയിച്ചു. ഏറ്റെടുക്കുകയാണെങ്കിൽ, നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. പിന്നോക്ക വിഭാഗം ജനങ്ങൾക്കു കൂടുതൽ തൊഴിലധിഷ്ടിത തൊഴിലധിഷ്ടിത പരിശീലന കൊഴ്സുകൾ ഉൽനട്ടുപ്രദേശത്തു പ്രാപ്യമാകുന്നതിന് ഭൂമി ഏറ്റെടുക്കൽ പ്രദേശത്തിൻെറയും ജില്ലയുടെയും പുരോഗതിയ്ക്ക് ആവശ്യമായതിനാൽ സാമൂഹ്യവശങ്ങളും പാരിസ്ഥിതികവശങ്ങളും കോർത്തിണക്കി ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠന സംഘം അഭിപ്രായപ്പെടുന്നു. മുൻകരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം.

### 1.8 പുനരധിവാസ / പുന:സ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഏറ്റെടുക്കുകയാണെങ്കിൽ, നഷ്ടപരിഹാരം എത്രയും വേഗം നൽകണമെന്ന് പഠന സംഘം നിർദ്ദേശിക്കുന്നു. ഭൂമിയിലും ഉൽപ്പാദനമുതലുകളിലും ബാധിതരുടെ നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും.

### 1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

➢ മാക്ക്റ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിണ്ണയം.

### ജനപ്രതിനിധികളുടെ പ്രതികരണങ്ങൾ

1. ഷാഹിന.പി, തൂണേരി പഞ്ചായത്ത് പ്രസിഡണ്ട്: ഈ പ്രാദേശത്തെ സാദാരണക്കരും പിന്നോക്കം നിൽക്കുന്നവരുമായ പട്ടിക ജാതി യുവാക്കൽക്കും നല്ല തൊഴിൽ നേടുവാൻ സഹായിക്കുന്ന ഒരു സ്ഥപനമായി ഐ.റ്റി.ഐ മാറട്ടെ എന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി വസ്തു വിട്ടുനൽകുന്നവർ ക്ക് പരമാവതി നഷ്ടപരിഹാരം നൽകണം എന്ന് ആവശ്യപ്പെടുന്നു. അകലങ്ങളിൽനിന്നു വരുന്നകുറ്റികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിയാൽ നന്നയിരിക്കും.
2. മധുമോഹനൻ, പഞ്ചായത്ത് വൈസ് പ്രസിഡ്ണ്ട്: ഈ പ്രദേശത്ത് സങ്കേതിക വിദ്യാഭ്യസ സതാപങ്ങൾ കുരവാണു. ഇതു ഗ്രാമ പ്രദേശമാണെങ്കിലും ഭൂമി വില വളരെ കുരവുള്ള പ്രദേശ്മാണു. നവീന കോസ്സുകൾ ആരംഭിക്കണം, കൂടാതെ ഈ പ്രദേശ്ത്തുള്ള തൊഴിലില്ലാത്ത സാദാരണക്കരയ തൊഴിലാളികക്ക് നൈപുണ്യ വികസന പരിസീലനം ലഭ്യ്മാക്കണം.

## സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും

പദ്ധതി ബാധിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും പ്രദേശത്തിൻെറയും വിശദാംശങ്ങൾ ശേഖരിക്കുകയും ആഘാത ലഘൂകരണ പ്ലാൻ തയ്യാറാക്കുകയും ചെയ്യു. അനുഭവസമ്പത്തുള്ള പഠന സംഘാംഗങ്ങൾ വിശദമായ സാമ്പത്തിക – സാമൂഹ്യ സർവ്വേയിലൂടെ പ്രഥമ, ദ്വിതീയ സ്രോതസുകളിൽ നിന്നു പ്രസ്തുത പദ്ധതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു. പദ്ധതി ബാധിതരായ ഭൂവുടമകളെ സന്ദർശിച്ച് അവർക്കുണ്ടാകുന്ന ആഘാതത്തെക്കുറിച്ച് വിലയിരുത്തി.

#### 3.2 സാമൂഹ്യ ആഘാത പഠന (SIA) സംഘം

| Table No. 3.1 SIA Team Members | | | |
|---|---|---|---|
| **Sl. No.** | **Name** | **Qualification & Designation** | **Experience** |
| **1** | Fr. Sojan Pananchikal | Director | HOD &Vice principal, with 10 years experience in administrative, academic and developmental sector |
| **2** | Sebastian KV | MSW, M. Phil. Coordinator, SIA Unit | 26 years experience in Development Sector, Research etc. |
| **3** | Lissy Scaria | Research Associates | 25 years experience in development work |

കണ്ണൂർ, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ സോഷ്യൽവർക്ക് വിഭാഗം മേധാവി നേതൃത്വം നൽകിയ 2 അംഗ സംഘമാണ് കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ നദാപുരം-തലശ്ശേരി റൊഡിൽ തൂണേരി ടൗണിൽ പട്ടികജാതി

വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് പഠനം നടത്തിയത്. സംഘത്തിൻെറ ഡയറക്ടർക്ക് സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദങ്ങളും അക്കാദമിക രംഗത്തും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ഗവേഷണം, പദ്ധതി ആസൂത്രണം, നട ത്തിപ്പ് എന്നീ രംഗങ്ങളിലും വർഷങ്ങളായുള്ള അനുഭവ സമ്പത്തുണ്ട്. പഠനത്തിൻെറ കോ-ഓർഡിനേറ്റർക്ക് സോഷ്യൽ വർക്കിൽ (MSW, M.Phil) ബിരുദാനന്തര ബിരുദങ്ങളും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ദീർഘകാലത്തെ അനുഭവവുമുണ്ട്. സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര യോഗ്യത ഉള്ളവരും സാമൂഹ്യ സാഹചര്യങ്ങളെക്കുറിച്ച് അ ന്വേഷണ ത്വരയുള്ളവരുമാണ് സംഘത്തിലെ മറ്റ് അംഗങ്ങൾ. സാമൂഹ്യ സംഭവവികാസങ്ങൾ അന്വേഷിക്കുന്നതിലും വിവരങ്ങൾ ശേഖരിക്കുന്നതിലും പ്രാവീണ്യം സിദ്ധിച്ചവരാണിവർ.

### സാമൂഹ്യ ആഘാത ലഘൂകരണ പ്ലാൻ തയ്യാറാക്കൽ പ്രക്രിയ

ഭൂമി ഏറ്റെടുക്കലിൻെറ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ബന്ധപ്പെട്ടവർ ചേർന്ന് പദ്ധതി പ്രദേശം തിരിച്ചറിഞ്ഞു. വിശദമായ പഠനത്തിനു മുൻപ് സാമ്പിൾ പഠനം നടത്തി. പഠനത്തിന് മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചോദ്യാവലി ഉപയോഗിച്ച് പ്രതികരണങ്ങൾ ശേഖരിച്ചു. ദ്വിതീയ സ്രോതസ്സുകളിൽനിന്നും ഭൗതിക, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങൾ മനസ്സിലാക്കി. പൂരിപ്പിച്ച ഫോമുകൾ ശേഖരിച്ച് ഒരു ഡാറ്റാബാങ്ക് തയ്യാറാക്കി. റിപ്പോർട്ട് ഏഴുതി. ആഘാത ദുരീകരണ പ്ലാൻ തയ്യാറാക്കിയപ്പോൾ, ആ പ്രക്രിയയുടെ ക്രമം കൃത്യമായി പാലിച്ചു – സാമൂഹ്യ സാമ്പത്തിക ആഘാതം മനസ്സിലാക്കി, ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പുകൾ പഠിച്ചു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### പ്രവർത്തനരീതിയും വിവരശേഖരണവും

ക്വാണ്ടിറ്ററ്റീവ്, ക്വാളിറ്ററ്റീവ് മാർഗ്ഗങ്ങളുപയോഗിച്ചുള്ള പഠനരീതിയാണ് വിവരശേഖരണത്തിനാ യി സ്വീകരിച്ചത്. ഇതുവഴി കൂടുതൽ സമഗ്രമായ വിവരങ്ങൾ ലഭിക്കുന്നു. പ്രധാനപ്പെട്ട മേഖലക ളൊന്നും ഒഴിവാക്കാതെതന്നെ ഇത് കൂടുതൽ പൂർണ്ണതയുള്ള ഫലം നൽകുന്നു (DEAT 2006).

പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളെക്കുറിച്ചുള്ള ക്വാണ്ടിറ്ററ്റീവ് വിവരങ്ങൾ വീടുകൾ കയറി യിറങ്ങിയുള്ള സർവ്വേകളിലൂടെയാണ് ശേഖരിച്ചത്. പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളെ സാമൂ ഹ്യആഘാത പഠനസംഘം പ്രധാനമായുംമൂന്നായി തരംതിരിച്ചു: ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ഭാഗികമായി, ബാധിക്കുന്നവർ; ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിപൂർണ്ണമായി ബാധിക്കുന്നവർ; വ്യാപാര/ വ്യവസായ യൂണിറ്റ് ഏറ്റെടുക്കുമ്പോൾ പൂർണ്ണമായോ ഭാഗികമായോ ബാധിക്കുന്നവർ.

സാമൂഹ്യ ആഘാതപഠനത്തിനായി എല്ലാ വീടുകളിലും സംഘം സർവ്വേ നടത്തി. പദ്ധതിപ്രദേശത്ത് ആസ്തിയുള്ള 2 ഭൂവുടമകളും അവരുടെ ആശ്രിതരും പഠനത്തിൻെറ ഭാഗമായി. മുൻകൂട്ടി തയ്യാറാക്കിയിരുന്ന ക്രമപ്രകാരം വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ടവരുമായി പഠന സംഘം ചർച്ചകൾ നടത്തി. ബാധിത പ്രദേശത്തെ ജനങ്ങൾ, ബ്ലോക്ക്പഞ്ചായത്തുകളിലെ പ്രതിനിധികൾ, നിയമസഭാംഗം, വിവിധ സർക്കാർ വിഭാഗങ്ങളിലെ പ്രതിനിധികൾ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് വിവിധ അഭിമുഖ സൂചികകൾ സാമൂഹ്യആഘാത പഠനസംഘം തയ്യാറാക്കി.

2 ഭൂവുടമകൾക്കുപുറമെ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, മത സാമൂഹ്യ രാഷ്ട്രീയനേതാക്കൾ തുടങ്ങിയവരുമായി ചർച്ചകൾ നടത്തി പ്രസക്തമായ വിവരങ്ങൾ ശേഖരിച്ചു. നിലവിലുള്ള സാമൂഹ്യ – സാമ്പത്തിക വ്യവസ്ഥിതികളും പദ്ധതിയുടെ സമീപ യാഥാർത്ഥ്യങ്ങളും മനസ്സിലാക്കി.

**ആഘാത പഠനത്തിൻെറയും പ്രദേശത്തിൻെറയും നിശ്ചല ചിത്രങ്ങൾ**

**ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ് ശ്രി. ബാബു പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. മേർസി**



Discussion with Deputy Collector (LA)



Discussion with Special Thahasildar (Koyilandy)



Discussion with panchayath President and Vice-President


Affected property/land

## സംഗ്രഹം

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തൂണേരി വില്ലേജിൽ പട്ടികജാതി വികസന വകുപ്പ് പുതുതായി ഐ.റ്റി.ഐ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. 36 സെൻറ് ഭൂമി ഏറ്റെടുപ്പാണു പഠനവിധേയമാകുന്നത്. രണ്ട് രേഖ്കളിലായി 3 പെരുടെ പക്കലുള്ള ഭുമിയാണിത്. പ്രധാനമയി തെങ്ങുകലും കുറച്ച് മറ്റുമരങ്ങളുമാണു ഈ ഭൂമിയിലുള്ളത. ഐ.ടി. ഐക്കു ആവശ്യമായ ബാക്കി 90 സെൻറ് സ്ഥലം വിലക്ക് വാങ്ങി കെട്ടിടനിർ മ്മാണം ആരഭിച്ചിട്ടുണ്ട്. ബാധിതരയ വ്യക്തികൾക്ക് ഭൂമി വിട്ടുനൽകുന്നതിൽ എതിപ്പ്പില്ല.പരമാവധി നഷ്ടപരിഹാരം പ്രതീക്ഷിക്കുന്നു.

***********